അവകാശ ലംഘനത്തിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. പി. രാജേന്ദ്രൻ ഒരു നോട്ടീസ് നൽകിയിരുന്നു. ഈ പ്രശ്നം സംബന്ധിച്ച് ചെയർ ടൂറിസം വകുപ്പുമന്ത്രിയുടെ വിശദീകരണമാരായുകയുണ്ടായി. മന്ത്രിയുടെ വിശദീകരണത്തിൽ പാതിരാമണൽ ദീർഘകാല പാട്ട വ്യവസ്ഥയിൽ കൈമാറുന്നതു സംബന്ധിച്ച് 29-3-2000-ത്തിലെ മന്ത്രിസഭാ യോഗം തീരുമാനിച്ചിരുന്നുവെന്നും അതനുസരിച്ച് പാട്ടവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 13-4-2000-ത്തിൽ ജി.ഒ.332/2000/ജി.എ.ഡി. നമ്പരായി ഉത്തരവിറക്കിയിരുന്നെന്നും പ്രസ്തുത ഫയലിന്റെ തുടർ നടപടികളാണ് ഇപ്പോൾ നടക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്. മന്ത്രിയുടെ മറുപടിയിൽനിന്നും, മന്ത്രി നിയമസഭയെ മനഃപൂർവ്വം തെറ്റിദ്ധരിപ്പിക്കുകയോ, സഭയിൽനിന്നും എന്തെങ്കിലും മറച്ചുവയ്ക്കുകയോ ചെയ്തതായി ചെയറിനു തോന്നുന്നില്ല. ആയതിനാൽ ശ്രീ. കെ. പി. രാജേന്ദ്രന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

2001 ഒക്ടോബർ 17-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിട്ട 81-ാം നമ്പർ ചോദ്യത്തിനും 2003 ജൂലായ് 2-ാം തീയതിയിലെ നക്ഷത്ര ചിഹ്നമിട്ട 356-ാം നമ്പർ ചോദ്യത്തിനും വനം വകുപ്പുമന്ത്രി നൽകിയ ഉത്തരങ്ങൾ പരസ്പര വിരുദ്ധവും സഭയെ തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് ആരോപിച്ചുകൊണ്ട് മന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുന്നതിന് ശ്രീ. എം. വി. ജയരാജൻ ഒരു നോട്ടീസ് നൽകിയിരുന്നു. ഈ പ്രശ്നം സംബന്ധിച്ച രേഖകൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 17-10-2001-ലെ "എങ്കിൽ സർക്കാർ നയത്തിനെതിരെ കേസ് കൈകാര്യം ചെയ്ത സർക്കാർ പ്ലീഡർമാരുടെമേൽ നടപടി സ്വീകരിക്കുമോ" എന്ന ചോദ്യത്തിന് "ഉത്തരവാദികളായ സർക്കാർ പ്ലീഡർമാരുടെമേൽ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്" എന്നും 2-7-2003-ലെ "ഈ കേസുകൾ നടത്തുന്ന കാര്യത്തിൽ സർക്കാർ വക്കീലന്മാരും വൻകിട വനം കയ്യേറ്റക്കാരും തമ്മിൽ ഒത്തുകളിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ" എന്ന ചോദ്യത്തിന് "ഇല്ല" എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ചോദ്യങ്ങൾ വ്യത്യസ്തങ്ങളായതിനാൽ അതനുസരിച്ചുള്ള മറുപടികളാണ് മന്ത്രി നൽകിയിട്ടുള്ളത്. ഇതിൽനിന്നും മന്ത്രി നൽകിയ മറുപടികൾ പരസ്പര വിരുദ്ധമോ സഭയെ തെറ്റിദ്ധരിപ്പിക്കുന്നതോ ആണെന്ന് ചെയർ കരുതുന്നില്ല. ആയതിനാൽ ശ്രീ. എം. വി. ജയരാജന് അവകാശലംഘന പ്രശ്നമുന്നയിക്കുന്നതിന് അനുമതി നിഷേധിക്കുന്നു.

(സി) ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

17-3-2003-ലെ കണ്ണൂർ എസ്.പി. ഓഫീസ് മാർച്ചിനെത്തുടർന്ന് പോലീസ് മർദ്ദിച്ചുവെന്ന് ആരോപിച്ചുകൊണ്ട് പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ നൽകിയ നോട്ടീസും, ഇതേ വിഷയത്തിൽ പാനൂർ സി.ഐ., എസ്.ഐ. എന്നിവർക്കെതിരെ ശ്രീ. എം. വി. ജയരാജൻ നൽകിയ നോട്ടീസും 24-6-2002-ലെ 801-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിനു നൽകിയ ഉത്തരം സംബന്ധിച്ച് മുഖ്യമന്ത്രിക്കെതിരെ ശ്രീ. ടി. കെ. ബാലൻ നൽകിയ നോട്ടീസും 31-7-2003-ലെ നക്ഷത്ര ചിഹ്നമിട്ട 767-ാം നമ്പർ ചോദ്യത്തിന്റെ ഉപചോദ്യത്തിനുള്ള മറുപടിയെ ആസ്പദമാക്കി ടൂറിസം വകുപ്പുമന്ത്രിക്കെതിരെ ശ്രീ. പി. സി. ജോർജ് നൽകിയ നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

ശ്രീ. എ. കെ. ആന്റണി: സർ, സഭ മുൻപാകെ വയ്ക്കാൻ ഗവൺമെന്റിന് തൽക്കാലം മറ്റ് ബിസിനസ്സുകൾ ഒന്നും ഇല്ലാത്തതുകൊണ്ട് സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ആ കാര്യം മറച്ചുവയ്ക്കാൻ ഉദ്ദേശിച്ചിട്ടില്ല. ഗവൺമെന്റ് എന്നുള്ള നിലയിൽ കൈക്കൊള്ളുന്ന കാര്യങ്ങൾ ജനങ്ങളെ സംബന്ധിച്ച് ഗൗരവം ഉള്ളതാണെന്ന് പ്രതിപക്ഷം പറയുമ്പോൾ സാമാന്യം അത് മനസ്സിലാക്കാനും കൈകാര്യം ചെയ്യുക എന്നുള്ള നിലയിലുള്ള ഒരു സമീപനം മുൻകാലങ്ങളിൽ വന്നിട്ടില്ല. ഇടയ്ക്കിടയ്ക്ക് എടുത്തു പറയേണ്ടിവരുന്നത് എന്തെന്നു വച്ചാൽ പ്രതിപക്ഷം പറയുന്നു എന്ന ഒറ്റ കാരണത്താൽ അംഗീകരിക്കാതിരിക്കുക എന്നുള്ള സമീപനം ഉണ്ടായിട്ടുണ്ട്. ഒരു ജുഡീഷ്യൽ എൻക്വയറിയുടെ കാര്യംതന്നെ ആലോചിച്ചാൽ മതി. വെടിവെയ്പ് നടന്നിട്ടുള്ള സന്ദർഭങ്ങളിൽ ഏത് ഗവൺമെന്റിന്റെ കാലത്ത് ആണെങ്കിലും ആവശ്യപ്പെടാതെ തന്നെ ജുഡീഷ്യൽ എൻക്വയറിക്ക് ഉത്തരവിട്ടിട്ടുണ്ട്. മുത്തങ്ങാ സംഭവത്തിലാകട്ടെ പ്രതിപക്ഷം ആവശ്യപ്പെട്ടു എന്നുള്ള ഒറ്റ കാരണത്താൽ അംഗീകരിക്കാതെയുള്ള ആ വാശി എവിടെയെത്തി? സി.ബി.ഐ.-യിൽ എത്തി. ഇത്തരത്തിലുള്ള അനുഭവങ്ങളിൽനിന്ന് പാഠം പഠിക്കാൻ കഴിഞ്ഞാൽ തുടർന്ന് അങ്ങോട്ടുള്ള കാര്യങ്ങളിൽ അബദ്ധം വരാതിരിക്കാൻ സാധിക്കും. ഇത് നാട്ടിൽ ഇവിടെ മാത്രം കൊണ്ടു നിൽക്കുന്നില്ല. അത് ദേശീയ തലത്തിൽ തന്നെ ദോഷം ഉണ്ടാക്കുന്ന സ്ഥിതിയിലേയ്ക്ക് വരുന്നു എന്ന് മനസ്സിലാക്കാൻ കഴിഞ്ഞാൽ അത് നമ്മെ സംബന്ധിച്ചിടത്തോളം ഭാഗ്യമാണ്. ആ നിലയിൽ പ്രതിപക്ഷത്തെ കാണാനും പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങൾ പരിഗണിക്കേണ്ടത് പരിഗണിക്കാനും തുനിയുക എന്നുള്ള സമീപനം ഇപ്പോൾ ഇവിടെ പ്രകടമായതുപോലെതന്നെ ആകെ മൊത്തം ഒന്ന് പ്രകടമാക്കാൻ കഴിഞ്ഞാൽ നമുക്ക് കൂടുതൽ സൗഹൃദപരമായ നിലയിൽ പോകാനുള്ള അന്തരീക്ഷം ഉണ്ടാകും എന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ഏതായാലും ഈ സമ്മേളനത്തിൽ നമ്മൾ പ്രകടമാക്കിയ തരത്തിലുള്ള സൗഹൃദം തുടർന്നും ഉണ്ടാകാൻ ഇടയാകട്ടെ എന്ന് ഞാൻ ആശിക്കുന്നു. സ്പീക്കർക്കും മറ്റു മന്ത്രിമാർക്കും എല്ലാമുള്ള എന്റെ നല്ല അഭിപ്രായം എന്നുള്ള നിലയിൽ ഞാൻ കാണുന്നത് ഞാൻ ഈ അവസരത്തിൽ ഒന്നുകൂടി പ്രകടിപ്പിച്ചുകൊണ്ട് നിർത്തുന്നു.

Mr. Speaker: Thank you very much. സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(സഭ 2.44-ന് അനിശ്ചിത കാലത്തേക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly